**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – റോഡ് പുനരുദ്ധാരണ പദ്ധതി – അധിക വിഹിതം അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(എഫ്.എം.)വകുപ്പ്**

സ.ഉ.(സാധാ.)നമ്പർ. 1906/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 09.06.2010

പരാമർശം: 1. സ.ഉ.(എം.എസ്.)നം.11/2010/തസ്വഭവ; തീയതി 15.01.2010.
2. സ.ഉ.(എം.എസ്.)നം.56/2010/തസ്വഭവ; തീയതി 20.03.2010.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ സഞ്ചാരയോഗ്യമല്ലാത്തവ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച 'റോഡ് പുനരുദ്ധാരണ പദ്ധതി'യുടെ മാർഗനിർദ്ദേശങ്ങൾ പരാമർശം ഒന്ന്, രണ്ട് എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി ലഭ്യമായ ഫണ്ടിൽ നിന്ന് പരമാവധി തുക മാറ്റിവയ്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുറവുള്ള തുകയുടെ ഒരു ഭാഗം മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ പ്രത്യേകം അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ഇതിനെതുടർന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. അവ സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡ് പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികവിഹിതം അനുവദിച്ചുകൊണ്ടും പ്രസ്തുത വിഹിതം വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുന്നു.

2. ജില്ലാപഞ്ചായത്തുകൾക്ക് 144 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 95.50 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 24.78 കോടി രൂപയും കോർപ്പറേഷനുകൾക്ക് 19.92 കോടി രൂപയും ഉൾപ്പെടെ ആകെ 284.20 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് പുനരുദ്ധാരണ പദ്ധതിക്കുള്ള അധിക വിഹിതമായി സർക്കാർ അനുവദിക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് അധിക വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പിന്നീട് തീരുമാനം എടുക്കുന്നതാണ്.

3. ജില്ലാപഞ്ചായത്തുകൾക്ക് അധിക വിഹിതമായി വകയിരുത്തിയിട്ടുള്ള 144 കോടി രൂപയിൽ നിന്ന് വയനാട് ജില്ലാപഞ്ചായത്തിന് 6.00 കോടി രൂപ; പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലാപഞ്ചായത്തുകൾക്ക് 8.00 കോടി രൂപ വീതം; കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലാപഞ്ചായത്തുകൾക്ക് 10.00 കോടി രൂപ വീതം; തിരുവനന്തപുരം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാപഞ്ചായത്തുകൾക്ക് 12.00 കോടി രൂപ വീതം എന്ന നിരക്കിൽ അനുവദിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അധിക വിഹിതമായി വകയിരുത്തിയിട്ടുള്ള തുക ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്ക് തുല്യ വെയിറ്റേജ് നൽകിക്കൊണ്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമായി വിഭജിച്ച് നൽകുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുറഞ്ഞത് 45 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് കുറഞ്ഞത് 20 ലക്ഷം രൂപയും ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. അതുപോലെ ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വിഹിതത്തിന്റെ ഉയർന്ന പരിധി 100 ലക്ഷം രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുക വിഭജിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ബാക്കി വരുന്ന 37.18 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ ബാക്കി വരുന്ന 16.92 ലക്ഷം രൂപയും വിഭജിക്കാതെ മാറ്റിവച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുക വിഭജിച്ചതു പ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള വിഹിതം ഈ ഉത്തരവിന്റെ അനുബന്ധം 2-ലും മുനിസിപ്പാലിറ്റികൾക്കുള്ള വിഹിതം അനുബന്ധം 3-ലും കോർപ്പറേഷനുകൾക്കുള്ള വിഹിതം അനുബന്ധം 4-ലും നൽകിയിട്ടുണ്ട്.

4. എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ റോഡ് പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്നതിന് താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നും വിഹിതം കണ്ടെത്തേണ്ടതാണ്.

4.1 പൊതുവിഭാഗം വികസനഫണ്ട്, പ്രത്യേക ഘടക പദ്ധതി വിഹിതം എന്നിവയുടെ പശ്ചാത്തല മേഖലാ വിഹിതത്തിന്റെ ക്യാരിഓവർ തുക (സ്പിൽഓവർ പ്രോജക്ടുകൾക്ക് വകയിരുത്തിയതിനുശേഷം വിഹിതം ബാക്കിയുണ്ടെങ്കിൽ)

4.2 2010–11–ൽ ലഭിക്കുന്ന റോഡ് മെയിന്റനൻസ് ഫണ്ട്.

4.3 2010–11–ലെ പൊതുവിഭാഗം വികസനഫണ്ട്, പ്രത്യേക ഘടക പദ്ധതി വിഹിതം എന്നിവയുടെ പശ്ചാത്തല മേഖലാ വിഹിതം.

4.4 2009–10–ലെ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം റോഡ് വിഹിതത്തിലേക്ക് വകമാറ്റി റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ കഴിയാത്ത എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2010–11–ലെ റോഡിതര വിഹിതത്തിന്റെ 20 ശതമാനം വരെ റോഡ് വിഹിതത്തിലേക്ക് വകമാറ്റാവുന്നതാണ്.

4.5 2010–11 –ലെ തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചം.

4.6 ഈ ഉത്തരവിന്റെ ഖണ്ഡിക 3 പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന അധിക വിഹിതം

5. **റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം എറ്റെടുക്കാവുന്ന പ്രവൃത്തികൾ**

5.1 കുഴികൾ നികത്തുക, തകർന്നുപോയ ഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികൾ

5.2 റീ ടാറിംഗ് പ്രവൃത്തികൾ

5.3 നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ

6. **മറ്റ് നിബന്ധനകൾ**

6.1 ഒരു റോഡിന്റെ അറ്റകുറ്റപ്പണി പൂർണ്ണമായും ഏറ്റെടുക്കണം.

6.2 പുതിയ റോഡുകളുടെ നിർമ്മാണം അനുവദനീയമല്ല.

6.3 മെറ്റൽ റോഡുകളുടെ ടാറിംഗ് ഒഴികെ ഉപരിതല ഘടനയ്ക്ക് മാറ്റം വരുത്തൽ അനുവദനീയമല്ല (ഉദാ: ഗ്രാവൽ റോഡ് ടാർ ചെയ്യുക, ഗ്രാവൽ റോഡ് കോൺക്രീറ്റ് ചെയ്യുക മുതലായവ).

6.4 ഓടകളിലെയും കലുങ്കുകളിലെയും മണ്ണ് നീക്കം ചെയ്യുക, വശങ്ങൾ ബലപ്പെടുത്തുക മുതലായ മൺപണികൾ ഗ്രാമപ്രദേശങ്ങളിൽ പൂർണ്ണമായും തൊഴിലുറപ്പു പദ്ധതിയിൽ അനുവദനീയമായ 20 ശതമാനത്തിൽപ്പെടുത്തി നടപ്പാക്കണം. എന്നാൽ നഗരസഭകൾക്ക് ഇത്തരം പ്രവൃത്തികൾ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

7. **വിവിധതലങ്ങളിലെ തദ്ദേശഭരണ സ്ഥപനങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താവുന്ന റോഡുകൾ**

7.1 **ജില്ലാ പഞ്ചായത്തുകൾ**: മറ്റ് ജില്ലാ റോഡുകൾ (ODR), പൊതുമരാമത്ത് വകുപ്പ് മറ്റേതെങ്കിലും റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ റോഡുകൾ എന്നിവ. മേജർ ജില്ലാ റോഡുകളുടെ (MDR) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് പട്ടികപ്പെടുത്തിയിട്ടുള്ള മറ്റ് ജില്ലാ റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് നടപ്പുവർഷം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടില്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണികളും ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

7.2 **ബ്ലോക്ക് പഞ്ചായത്തുകൾ**: നബാർഡ്–ആർ.ഐ.ഡി.എഫ് റോഡുകളുടെയും എം.എൽ.എ. റോഡുകളുടെയും അറ്റകുറ്റപ്പണികൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വിഹിതം വകയിരുത്തിയതിനുശേഷം തുക ബാക്കിയുണ്ടെങ്കിൽ മാത്രം 1995–നുശേഷം പദ്ധതി വിഹിതം/വികസനഫണ്ട്, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) എന്നീ ഫണ്ടുകൾ

വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കാവുന്നതാണ്.

7.3 **ഗ്രാമപഞ്ചായത്തുകൾ:** ഗ്രാമീണ റോഡുകൾ

7.4 **നഗരസഭകൾ** : നഗരസഭകളുടെ അധീനതയിലുള്ള റോഡുകൾ

## 8. പ്രവൃത്തികളുടെ നിർവഹണം

8.1 അറ്റകുറ്റപ്പണി ആവശ്യമായ റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിച്ച് ഖണ്ഡിക 4 പ്രകാരം വിവിധ സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തി പ്രവൃത്തികളുടെ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. എന്നാൽ ഈ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും ലഭിക്കാവുന്ന അധിക വിഹിതം വകയിരുത്തുന്ന പ്രവൃത്തികളുടെ നിർവഹണ നടപടികൾ ഖണ്ഡിക 9–ൽ വിവരിച്ചിട്ടുള്ളത് പ്രകാരം സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ആരംഭിക്കാൻ പാടുള്ളൂ. ഈ നിബന്ധനയ്ക്ക് വിധേയമായി ലഭ്യമായ വിഹിതത്തിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാവുന്നതും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയതിനുശേഷം നിർവഹണ നടപടികൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്. പ്രവൃത്തികളുടെ നിർവഹണം ആരംഭിക്കുന്നതിന് ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ നിർബന്ധമായും 2010–11 വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപടി ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

8.2 ഈ ഉത്തരവിന്റെ ഖണ്ഡിക 7 പ്രകാരം അനുവദനീയമായ റോഡുകളുടെ അറ്റകുറ്റപ്പണികൾ മാത്രമെ ഏറ്റെടുക്കുന്നുള്ളൂവെന്നും സർക്കാരിന് സമർപ്പിച്ച പ്രോജക്ട് നിർദ്ദേശങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾ മാത്രമെ ഏറ്റെടുക്കുന്നു ള്ളൂവെന്നും ഉത്തരവ് പ്രകാരമുള്ള മറ്റ് മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നുള്ളൂവെന്നും ഉറപ്പാക്കേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കും എഞ്ചിനീയർക്കും ആയിരിക്കും. അതുപോലെ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി നേടിയതിനുശേഷം ലഭ്യമായ അകെ വിഹിതത്തിൽ പരിമിതപ്പെടുത്തി മാത്രമേ പ്രവൃത്തികളുടെ നിർവഹണ നടപടികൾ ആരംഭിക്കുന്നുള്ളൂവെന്നും സെക്രട്ടറിയും എഞ്ചിനീയറും ഉറപ്പാക്കണം. ഇതിന് വ്യത്യസ്തമായി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതായോ നിർവഹണ നടപടികൾ ആരംഭിച്ചിട്ടുള്ളതായോ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ സെക്രട്ടറിയുടെയും എഞ്ചിനീയറുടെയും പേരിൽ നിയമ നടപടി സ്വീകരിക്കുന്നതാണ്.

## 9. അധികവിഹിതം വകയിരുത്തുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിന് അനുമതി

9.1 ജില്ലാപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഈ ഉത്തരവിന്റെ അനുബന്ധം 1, 2, 3, 4 എന്നിവയിൽ നൽകിയിട്ടുള്ളത് പ്രകാരം അധിക വിഹിതം ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിലും ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും റോഡ് പുനരുദ്ധാരണ പദ്ധതി സർക്കാർ പരിശോധിച്ച് അനുമതി നൽകുന്നതിനെ തുടർന്ന് മാത്രമെ അധിക വിഹിതം വകയിരുത്തുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയോ നിർവഹണ നടപടികൾ ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളൂ.

9.2 റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി നിശ്ചിത ഫോറത്തിൽ വിശദാംശങ്ങൾ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനോടകം വിശദാംശങ്ങൾ സമർപ്പിച്ച ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെയും നഗരസഭകളു ടെയും പ്രോജക്ട് നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയുണ്ടായി. നിശ്ചിത ഫോറങ്ങളിൽ പ്രവൃത്തികൾ പട്ടികപ്പെടുത്തി വിവരങ്ങൾ പൂർണ്ണമായി സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഈ ഉത്തരവിന്റെ അനുബന്ധം 5–ൽ നൽകിയിട്ടുണ്ട്. പ്രസ്തുത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രം അനുബന്ധം 5–ലെ നിർദ്ദേശങ്ങൾക്ക് വിധേയമായി അധികവിഹിതം വകയിരുത്തുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും ആ പ്രവൃത്തികളുടെ നിർവഹണ നടപടികൾ ആരംഭിക്കുന്നതിനും അനുമതി നൽകുന്നു.

9.3 വിശദാംശങ്ങൾ സമർപ്പിക്കാതിരിക്കുകയോ വിവരങ്ങൾ അപൂർണ്ണമായി സമർപ്പിക്കുകയോ ചെയ്തിട്ടുള്ള ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളും നഗരസഭകളും വിവരങ്ങൾ പൂർണ്ണമാക്കി സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ അവ പരിശോധിച്ച് അധികവിഹിതം വകയിരുത്തുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നതാണ്. വിവരങ്ങൾ സമർപ്പിക്കുന്നതിന് പരാമർശം രണ്ട് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറങ്ങൾ ഉപയോഗിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സൗകര്യത്തിനായി പ്രസ്തുത ഫോറങ്ങൾ ഈ ഉത്തരവിന്റെ അനുബന്ധം 6, 7 എന്നിവയിൽ നൽകിയിട്ടുണ്ട്. നഗരസഭകൾക്കും ഇതേ ഫോറങ്ങൾ തന്നെ ഉപയോഗിക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗസഭകളും തെറ്റ് കൂടാതെയും പൂർണ്ണമായും വിശദാംശങ്ങൾ തയ്യാറാക്കി 2010 ജൂൺ 25-നകം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്. ജൂൺ 25-നകം തെറ്റ് കൂടാതെ വിവരങ്ങൾ സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ അധിക വിഹിതം വകയിരുത്തുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുകയുള്ളൂ. യാതൊരു കാരണവശാലും തീയതി ദീർഘിപ്പിക്കുന്നതല്ല. ജൂൺ 25-നകം വിവരങ്ങൾ പൂർണ്ണമാക്കി സമർപ്പിക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകുന്നതാണ്.

9.4 സർക്കാർ അംഗീകാരം ലഭിക്കുന്നതിനെ തുടർന്ന് അധിക വിഹിതം വകയിരുത്തി ഏറ്റെടുക്കുന്ന പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം അവയുടെ നിർവഹണം പൂർത്തിയാകുന്ന മുറയ്ക്ക് അധിക ഫണ്ട് വിതരണം (release) ചെയ്യുന്നതാണ്.

**10.** ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

10.1 തദ്ദേശഭരണസ്ഥാപനങ്ങൾ

- പ്രവൃത്തിയുടെ നിർവഹണം ആരംഭിക്കുന്നതിന് മുമ്പും പ്രവൃത്തി പുരോഗമിക്കുമ്പോഴും പൂർത്തിയാക്കിയതിനുശേഷവും റോഡിന്റെ ഡിജിറ്റൽ ഫോട്ടോ എടുക്കുക.
- പണി സ്ഥലത്ത് പ്രവൃത്തിയുടെ വിശദവിവരങ്ങൾ (പേര്, അടങ്കൽ തുക, ആരംഭിച്ച തീയതി, പൂർത്തിയാക്കുന്ന തീയതി) പ്രദർശിപ്പിക്കുക.

10.2 ജില്ലാ ആസൂത്രണ സമിതി

- വാർഷിക പദ്ധതിയുടെ ഭാഗമാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക

10.3 സംസ്ഥാന സർക്കാർ

- ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗ് മുഖേന റാൻഡം പരിശോധന നടത്തുക.
- സാങ്കേതിക സ്ഥാപനങ്ങൾ മുഖേന തൽസമയ മോണിട്ടറിംഗ് നടത്തുക.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

1. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
8. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26. ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31. ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്

**അനുബന്ധം – 1**

## റോഡ് പുനരുദ്ധാരണ പദ്ധതി

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക വിഹിതം

**I. ജില്ലാ പഞ്ചായത്തുകൾ**

**(ലക്ഷം രൂപ)**

| നമ്പർ | കോഡ് | ജില്ലാ പഞ്ചായത്ത് | വിഹിതം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | D010000 | തിരുവനന്തപുരം | 1200 |
| 2 | D020000 | കൊല്ലം | 1000 |
| 3 | D030000 | പത്തനംതിട്ട | 800 |
| 4 | D040000 | ആലപ്പുഴ | 1000 |
| 5 | D050000 | കോട്ടയം | 1000 |
| 6 | D060000 | ഇടുക്കി | 800 |
| 7 | D070000 | എറണാകുളം | 1200 |
| 8 | D080000 | തൃശൂർ | 1200 |
| 9 | D090000 | പാലക്കാട് | 1200 |
| 10 | D100000 | മലപ്പുറം | 1200 |
| 11 | D110000 | കോഴിക്കോട് | 1200 |
| 12 | D120000 | വയനാട് | 600 |
| 13 | D130000 | കണ്ണൂർ | 1200 |
| 14 | D140000 | കാസർഗോഡ് | 800 |
| **ആകെ** | | | **14400** |

## റോഡ് പുനരുദ്ധാരണ പദ്ധതി

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക വിഹിതം

### II. ബ്ലോക്ക് പഞ്ചായത്തുകൾ

(ലക്ഷം രൂപ)

| നമ്പർ | കോഡ് | ബ്ലോക്ക് പഞ്ചായത്ത് | വിഹിതം |
|---|---|---|---|
| (1) | (2) | (3) | (4) |
| **(I) തിരുവനന്തപുരം** | | | |
| 1 | B010100 | വർക്കല | 45.00 |
| 2 | B010200 | കിളിമാനൂർ | 60.72 |
| 3 | B010300 | ചിറയിൻകീഴ് | 45.00 |
| 4 | B010400 | വാമനപുരം | 94.31 |
| 5 | B010500 | വെള്ളനാട് | 89.24 |
| 6 | B010600 | നെടുമങ്ങാട് | 45.73 |
| 7 | B010700 | കഴക്കൂട്ടം | 54.53 |
| 8 | B010800 | തിരുവനന്തപുരം റൂറൽ | 45.00 |
| 9 | B010900 | നേമം | 60.35 |
| 10 | B011000 | പെരുങ്കടവിള | 72.92 |
| 11 | B011100 | അതിയന്നൂർ | 45.00 |
| 12 | B011200 | പാറശ്ശാല | 45.00 |
| **ആകെ** | | ***(I)*** | ***702.80*** |
| **(II) കൊല്ലം** | | | |
| 13 | B020100 | ഓച്ചിറ | 45.00 |
| 14 | B020200 | കരുനാഗപ്പള്ളി | 45.00 |
| 15 | B020300 | ശാസ്താംകോട്ട | 45.00 |
| 16 | B020400 | വെട്ടിക്കവല | 56.11 |
| 17 | B020500 | പത്തനാപുരം | 62.16 |
| 18 | B020600 | അഞ്ചൽ | 100.00 |
| 19 | B020700 | കൊട്ടാരക്കര | 45.00 |
| 20 | B020800 | ചിറ്റുമല | 45.00 |
| 21 | B020900 | ചവറ | 45.00 |
| 22 | B021000 | അഞ്ചാലുംമൂട് | 45.00 |
| 23 | B021100 | മുഖത്തല | 45.00 |
| 24 | B021200 | ഇത്തിക്കര | 54.95 |
| 25 | B021300 | ചടയമംഗലം | 72.16 |
| **ആകെ** | | ***(II)*** | ***705.38*** |
| **(III) പത്തനംതിട്ട** | | | |
| 26 | B030100 | മല്ലപ്പള്ളി | *45.00* |
| 27 | B030200 | പുളിക്കീഴ് | 45.00 |
| 28 | B030300 | കോയിപ്രം | 45.00 |
| 29 | B030400 | ഇലന്തൂർ | 45.00 |
| 30 | B030500 | റാന്നി | 100.00 |

| നമ്പർ | കോഡ് | ബ്ലോക്ക് പഞ്ചായത്ത് | വിഹിതം |
|---|---|---|---|
| 31 | B030600 | കോന്നി | 100.00 |
| 32 | B030700 | പന്തളം | 45.00 |
| 33 | B030800 | പറക്കോട് | 69.99 |
| 34 | B030900 | കുളനട | 45.00 |
| ***ആകെ*** | | ***(III)*** | ***539.99*** |
| **(IV) ആലപ്പുഴ** | | | |
| 35 | B040100 | തൈക്കാട്ടുശ്ശേരി | 45.00 |
| 36 | B040200 | പട്ടണക്കാട് | *51.63* |
| 37 | B040300 | കഞ്ഞിക്കുഴി | 45.00 |
| 38 | B040400 | ആര്യാട് | 45.00 |
| 39 | B040500 | അമ്പലപ്പുഴ | 45.00 |
| 40 | B040600 | ചമ്പക്കുളം | 45.00 |
| 41 | B040700 | വെളിയനാട് | 45.00 |
| 42 | B040800 | ചെങ്ങന്നൂർ | 49.07 |
| 43 | B040900 | ഹരിപ്പാട് | 45.00 |
| 44 | B041000 | മാവേലിക്കര | 45.00 |
| 45 | B041100 | ഭരണിക്കാവ് | 48.05 |
| 46 | B041200 | മുതുകുളം | 45.00 |
| ***ആകെ*** | | ***(IV)*** | ***553.75*** |
| **(V) കോട്ടയം** | | | |
| 47 | B050100 | വൈക്കം | 45.00 |
| 48 | B050200 | കടുത്തുരുത്തി | 53.30 |
| 49 | B050300 | ഏറ്റുമാനൂർ | *55.33* |
| 50 | B050400 | ഉഴവൂർ | 54.67 |
| 51 | B050500 | ളാലം | 45.00 |
| 52 | B050600 | ഈരാറ്റുപേട്ട | 58.17 |
| 53 | B050700 | പാമ്പാടി | 45.06 |
| 54 | B050800 | പള്ളം | 72.87 |
| 55 | B050900 | മാടപ്പള്ളി | 55.10 |
| 56 | B051000 | വാഴൂർ | 45.00 |
| 57 | B051100 | കാഞ്ഞിരപ്പള്ളി | 81.08 |
| ***ആകെ*** | | ***(V)*** | ***610.58*** |
| **(VI) ഇടുക്കി** | | | |
| 58 | B060100 | അടിമാലി | 90.14 |
| 59 | B060200 | ദേവികുളം | 100.00 |
| 60 | B060300 | നെടുങ്കണ്ടം | 71.42 |
| 61 | B060400 | ഇളംദേശം | *47.07* |
| 62 | B060500 | ഇടുക്കി | 100.00 |
| 63 | B060600 | കട്ടപ്പന | 79.71 |
| 64 | B060700 | തൊടുപുഴ | 45.00 |
| 65 | B060800 | അഴുത | 100.00 |
| ***ആകെ*** | | ***(VI)*** | ***633.34*** |

| നമ്പർ | കോഡ് | ബ്ലോക്ക് പഞ്ചായത്ത് | വിഹിതം |
|---|---|---|---|
| **(VII) എറണാകുളം** | | | |
| 66 | B070100 | പറവൂർ | 45.00 |
| 67 | B070200 | ആലങ്ങാട് | 45.00 |
| 68 | B070300 | അങ്കമാലി | 61.82 |
| 69 | B070400 | കൂവപ്പടി | 74.60 |
| 70 | B070500 | വാഴക്കുളം | *53.94* |
| 71 | B070600 | ഇടപ്പള്ളി | 45.00 |
| 72 | B070700 | വൈപ്പിൻ | 46.78 |
| 73 | B070800 | പള്ളുരുത്തി | 45.00 |
| 74 | B070900 | വൈറ്റില | 45.00 |
| 75 | B071000 | മുളന്തുരുത്തി | 45.00 |
| 76 | B071100 | വടവുകോട് | 51.48 |
| 77 | B071200 | കോതമംഗലം | 100.00 |
| 78 | B071300 | പാമ്പാക്കുട | 53.20 |
| 79 | B071400 | പാറക്കടവ് | 45.00 |
| 80 | B071500 | മൂവാറ്റുപുഴ | 53.55 |
| ***ആകെ*** | | ***(VII)*** | ***810.37*** |
| **(VIII) തൃശൂർ** | | | |
| 81 | B080100 | ചാവക്കാട് | 45.00 |
| 82 | B080200 | ചൊവ്വന്നൂർ | 45.00 |
| 83 | B080300 | വടക്കാഞ്ചേരി | 77.05 |
| 84 | B080400 | പഴയന്നൂർ | 68.71 |
| 85 | B080500 | ഒല്ലൂക്കര | 90.20 |
| 86 | B080600 | പുഴയ്ക്കൽ | *45.00* |
| 87 | B080700 | മുല്ലശ്ശേരി | 45.00 |
| 88 | B080800 | തളിക്കുളം | 45.00 |
| 89 | B080900 | അന്തിക്കാട് | 45.00 |
| 90 | B081000 | ചേർപ്പ് | 45.00 |
| 91 | B081100 | കൊടകര | 76.78 |
| 92 | B081200 | ഇരിഞ്ഞാലക്കുട | 45.00 |
| 93 | B081300 | വെള്ളാങ്ങല്ലൂർ | 45.00 |
| 94 | B081400 | മതിലകം | 45.00 |
| 95 | B081500 | കൊടുങ്ങല്ലൂർ | 45.00 |
| 96 | B081600 | മാള | 45.00 |
| 97 | B081700 | ചാലക്കുടി | 100.00 |
| ***ആകെ*** | | ***(VIII)*** | ***952.74*** |
| **(IX) പാലക്കാട്** | | | |
| 98 | B090100 | തൃത്താല | 55.25 |
| 99 | B090200 | പട്ടാമ്പി | 76.36 |
| 100 | B090300 | ഒറ്റപ്പാലം | 46.20 |
| 101 | B090400 | ശ്രീകൃഷ്ണപുരം | 57.59 |
| 102 | B090500 | മണ്ണാർക്കാട് | 100.00 |

| നമ്പർ | കോഡ് | ബ്ലോക്ക് പഞ്ചായത്ത് | വിഹിതം |
|---|---|---|---|
| 103 | B090600 | അട്ടപ്പാടി | 100.00 |
| 104 | B090700 | പാലക്കാട് | *61.75* |
| 105 | B090800 | കുഴൽമന്ദം | 54.76 |
| 106 | B090900 | ചിറ്റൂർ | 62.41 |
| 107 | B091000 | കൊല്ലങ്കോട് | 45.00 |
| 108 | B091100 | നെന്മാറ | 100.00 |
| 109 | B091200 | ആലത്തൂർ | 87.88 |
| 110 | B091300 | മലമ്പുഴ | 100.00 |
| **ആകെ** | | ***(IX)*** | ***947.20*** |
| **(X) മലപ്പുറം** | | | |
| 111 | B100100 | നിലമ്പൂർ | 100.00 |
| 112 | B100200 | വണ്ടൂർ | 100.00 |
| 113 | B100300 | കൊണ്ടോട്ടി | 60.27 |
| 114 | B100400 | അരീക്കോട് | 70.79 |
| 115 | B100500 | മലപ്പുറം | 55.73 |
| 116 | B100600 | പെരിന്തൽമണ്ണ | 63.32 |
| 117 | B100700 | മങ്കട | 73.74 |
| 118 | B100800 | കുറ്റിപ്പുറം | *54.09* |
| 119 | B100900 | വേങ്ങര | 63.98 |
| 120 | B101000 | തിരൂരങ്ങാടി | 69.97 |
| 121 | B101100 | താനൂർ | 64.71 |
| 122 | B101200 | തിരൂർ | 49.36 |
| 123 | B101300 | പൊന്നാനി | 45.00 |
| 124 | B101400 | പെരുമ്പടപ്പ് | 45.00 |
| **ആകെ** | | ***(X)*** | ***915.96*** |
| **(XI) കോഴിക്കോട്** | | | |
| 125 | B110100 | വടകര | 45.00 |
| 126 | B110200 | തൂണേരി | 45.00 |
| 127 | B110300 | കുന്നുമ്മൽ | 68.18 |
| 128 | B110400 | തോടന്നൂർ | 45.00 |
| 129 | B110500 | മേലടി | 45.00 |
| 130 | B110600 | പേരാമ്പ്ര | 64.34 |
| 131 | B110700 | ബാലുശ്ശേരി | 77.79 |
| 132 | B110800 | പന്തലായനി | 45.00 |
| 133 | B110900 | ചേളന്നൂർ | *55.40* |
| 134 | B111000 | കൊടുവള്ളി | 97.73 |
| 135 | B111100 | കുന്ദമംഗലം | 100.00 |
| 136 | B111200 | കോഴിക്കോട് | 63.93 |
| **ആകെ** | | ***(XI)*** | ***752.37*** |
| **(XII) വയനാട്** | | | |
| 137 | B120100 | മാനന്തവാടി | 100.00 |
| 138 | B120200 | സുൽത്താൻ ബത്തേരി | 100.00 |

| നമ്പർ | കോഡ് | ബ്ലോക്ക് പഞ്ചായത്ത് | വിഹിതം |
|---|---|---|---|
| 139 | B120300 | കല്പറ്റ | 100.00 |
| **ആകെ** | | ***(XII)*** | ***300.00*** |
| **(XIII) കണ്ണൂർ** | | | |
| 140 | B130100 | പയ്യന്നൂർ | 100.00 |
| 141 | B130200 | തളിപ്പറമ്പ | 100.00 |
| 142 | B130300 | ഇരിക്കൂർ | 97.80 |
| 143 | B130400 | കണ്ണൂർ | 45.00 |
| 144 | B130500 | എടയ്ക്കാട് | 64.39 |
| 145 | B130600 | തലശ്ശേരി | *50.92* |
| 146 | B130700 | കൂത്തുപറമ്പ | 70.64 |
| 147 | B130800 | ഇരിട്ടി | 80.09 |
| 148 | B130900 | പേരാവൂർ | 79.54 |
| **ആകെ** | | ***(XIII)*** | ***688.38*** |
| **(XIV) കാർഗോഡ്** | | | |
| 149 | B140100 | മഞ്ചേശ്വരം | *100.00* |
| 150 | B140200 | കാർഗോഡ് | 100.00 |
| 151 | B140300 | കാഞ്ഞങ്ങാട് | 100.00 |
| 152 | B140400 | നീലേശ്വരം | 99.96 |
| **ആകെ** | | ***(XIV)*** | ***399.96*** |
| **ആകെ** | | **(I - XIV)** | **9512.82** |

## റോഡ് പുനരുദ്ധാരണ പദ്ധതി

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക വിഹിതം

**III. മുനിസിപ്പാലിറ്റികൾ**

(ലക്ഷം രൂപ)

| നമ്പർ | കോഡ് | മുനിസിപ്പാലിറ്റി | വിഹിതം |
|---|---|---|---|
| (1) | (2) | (3) | (4) |
| **(I) തിരുവനന്തപുരം** | | | |
| 1 | M010100 | വർക്കല | 32.59 |
| 2 | M010200 | ആറ്റിങ്ങൽ | 32.22 |
| 3 | M010300 | നെടുമങ്ങാട് | 56.38 |
| 4 | M010400 | നെയ്യാറ്റിൻകര | 59.10 |
| ***ആകെ*** | | ***(I)*** | ***180.29*** |
| **(II) കൊല്ലം** | | | |
| 5 | M020100 | പരവൂർ | 32.91 |
| 6 | M020200 | പുനലൂർ | 54.09 |
| ***ആകെ*** | | ***(II)*** | ***87.00*** |
| **(III) പത്തനംതിട്ട** | | | |
| 7 | M030100 | അടൂർ | 32.93 |
| 8 | M030200 | തിരുവല്ല | 51.58 |
| 9 | M030300 | പത്തനംതിട്ട | *39.58* |
| ***ആകെ*** | | ***(III)*** | ***124.09*** |
| **(IV) ആലപ്പുഴ** | | | |
| 10 | M040100 | ചെങ്ങന്നൂർ | 25.40 |
| 11 | M040200 | മാവേലിക്കര | 24.92 |
| 12 | M040300 | ചേർത്തല | 35.83 |
| 13 | M040400 | കായംകുളം | 51.79 |
| 14 | M040500 | ആലപ്പുഴ | 100.00 |
| ***ആകെ*** | | ***(IV)*** | ***237.94*** |
| **(V) കോട്ടയം** | | | |
| 15 | M050100 | പാല | 25.54 |
| 16 | M050200 | വൈക്കം | 20.00 |
| 17 | M050300 | ചങ്ങനാശ്ശേരി | 36.37 |
| 18 | M050400 | കോട്ടയം | 42.71 |
| ***ആകെ*** | | ***(V)*** | ***124.62*** |
| **(VI) ഇടുക്കി** | | | |
| 19 | M060100 | തൊടുപുഴ | 54.67 |
| ***ആകെ*** | | ***(VI)*** | ***54.67*** |
| **(VII) എറണാകുളം** | | | |
| 20 | M070100 | കളമശ്ശേരി | 54.27 |
| 21 | M070200 | കോതമംഗലം | *54.95* |
| 22 | M070300 | അങ്കമാലി | 42.01 |

| നമ്പർ | കോഡ് | മുനിസിപ്പാലിറ്റി | വിഹിതം |
|---|---|---|---|
| 23 | M070400 | തൃപ്പൂണിത്തുറ | 44.90 |
| 24 | M070500 | മൂവാറ്റുപുഴ | 25.79 |
| 25 | M070600 | നോർത്ത് പറവൂർ | 22.19 |
| 26 | M070700 | പെരുമ്പാവൂർ | 24.97 |
| 27 | M070800 | ആലുവ | 20.00 |
| ***ആകെ*** | | ***(VII)*** | ***289.08*** |
| **(VIII) തൃശൂർ** | | | |
| 28 | M080100 | ഗുരുവായൂർ | 20.00 |
| 29 | M080200 | ചാവക്കാട് | 29.08 |
| 30 | M080300 | കൊടുങ്ങല്ലൂർ | *31.65* |
| 31 | M080400 | ചാലക്കുടി | 45.92 |
| 32 | M080500 | ഇരിങ്ങാലക്കുട | 23.77 |
| 33 | M080600 | കുന്നംകുളം | 55.90 |
| ***ആകെ*** | | ***(VIII)*** | ***206.32*** |
| **(IX) പാലക്കാട്** | | | |
| 34 | M090100 | ഒറ്റപ്പാലം | 53.39 |
| 35 | M090200 | ഷൊർണ്ണൂർ | 49.76 |
| 36 | M090300 | ചിറ്റൂർ തത്തമംഗലം | 28.44 |
| 37 | M090400 | പാലക്കാട് | 84.51 |
| ***ആകെ*** | | ***(IX)*** | ***216.10*** |
| **(X) മലപ്പുറം** | | | |
| 38 | M100100 | പെരിന്തൽമണ്ണ | 52.96 |
| 39 | M100200 | പൊന്നാനി | 63.23 |
| 40 | M100300 | മഞ്ചേരി | *88.45* |
| 41 | M100400 | തിരൂർ | 40.04 |
| 42 | M100500 | മലപ്പുറം | 58.47 |
| ***ആകെ*** | | ***(X)*** | ***303.15*** |
| **(XI) കോഴിക്കോട്** | | | |
| 43 | M110100 | വടകര | 54.63 |
| 44 | M110200 | കൊയിലാണ്ടി | 58.88 |
| ***ആകെ*** | | ***(XI)*** | ***113.51*** |
| **(XII) വയനാട്** | | | |
| 45 | M120100 | കൽപ്പറ്റ | 52.20 |
| ***ആകെ*** | | ***(XII)*** | ***52.20*** |
| **(XIII) കണ്ണൂർ** | | | |
| 46 | M130100 | മട്ടന്നൂർ | 71.79 |
| 47 | M130200 | തളിപ്പറമ്പ | 71.58 |
| 48 | M130300 | കൂത്തുപറമ്പ | *29.33* |
| 49 | M130400 | പയ്യന്നൂർ | 83.13 |
| 50 | M130500 | തലശ്ശേരി | 67.77 |
| 51 | M130600 | കണ്ണൂർ | 41.50 |

| നമ്പർ | കോഡ് | മുനിസിപ്പാലിറ്റി | വിഹിതം |
|---|---|---|---|
| ***ആകെ*** | | ***(XIII)*** | ***365.10*** |
| **(XIV) കാർഗോഡ്** | | | |
| 52 | M140100 | കാഞ്ഞങ്ങാട് | 67.30 |
| 53 | M140200 | കാർഗോഡ് | 39.71 |
| ***ആകെ*** | | ***(XIV)*** | ***107.01*** |
| **ആകെ** | | **(I - XIV)** | **2461.08** |

**അനുബന്ധം – 4**

## റോഡ് പുനരുദ്ധാരണ പദ്ധതി

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികവിഹിതം

### IV. കോർപ്പറേഷനുകൾ

**(ലക്ഷം രൂപ)**

| നമ്പർ | കോഡ് | കോർപ്പറേഷൻ | വിഹിതം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | C010100 | തിരുവനന്തപുരം | 597.16 |
| 2 | C020100 | കൊല്ലം | 266.02 |
| 3 | C070100 | കൊച്ചി | 439.29 |
| 4 | C080100 | തൃശൂർ | 340.15 |
| 5 | C110100 | കോഴിക്കോട് | 349.38 |
| **ആകെ** | | | **1992.00** |

# റോഡ് പുനരുദ്ധാരണ പദ്ധതി

**സർക്കാരിൽ നിന്നും ലഭിക്കാവുന്ന അധിക വിഹിതം വകയിരുത്തുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും നിർവഹണ നടപടികൾ ആരംഭിക്കുന്നതിനും അനുമതി നൽകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ**

## I. ജില്ലാ പഞ്ചായത്തുകൾ

(i) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസറഗോഡ് എന്നീ ജില്ലാ പഞ്ചായത്തുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കാവുന്ന അധിക വിഹിതത്തിൽ അധികരിക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതും ഭരണാനുമതി നൽകി പ്രവൃത്തികളുടെ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതുമാണ്.

(ii) അധിക തുക ആവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങളുടെ അടങ്കൽ തുക അർഹതപ്പെട്ട അധിക വിഹിതത്തെക്കാൾ കുറവായ ചുവടെ ചേർത്തിട്ടുള്ള ജില്ലാ പഞ്ചായത്തുകൾക്ക് തത്ക്കാലം പദ്ധതി നിർദ്ദേശങ്ങളുടെ അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതും ഭരണാനുമതി നൽകി നിർവഹണ നടപടികൾ ആരംഭിക്കാവുന്നതുമാണ്. ബാക്കി തുകയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി റോഡ് പുനരുദ്ധാരണ പദ്ധതി പൂർണ്ണമാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട മുഴുവൻ തുകയ്ക്കും സർക്കാർ അനുമതി നൽകുന്നതാണ്.

(ലക്ഷം രൂപ)

| ക്രമ നം | ജില്ലാ പഞ്ചായത്ത് | അർഹതപ്പെട്ട വിഹിതം | പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇപ്പോൾ അനുമതി നൽകുന്ന തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 1200 | 748.00 |
| 2 | തൃശൂർ | 1200 | 250.24 |
| 3 | പാലക്കാട് | 1200 | 472.74 |
| 4 | മലപ്പുറം | 1200 | 568.06 |
| 5 | കോഴിക്കോട് | 1200 | 741.53 |
| 6 | കണ്ണൂർ | 1200 | 1107.50 |

(iii) വയനാട് ജില്ലാ പഞ്ചായത്ത് വിവരങ്ങൾ പൂർണ്ണമാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതാണ്.

II. **ബ്ലോക്ക് പഞ്ചായത്തുകൾ** : സർക്കാരിൽ നിന്നും ലഭിക്കാവുന്ന അധിക വിഹിതത്തിൽ അധികരിക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകി പ്രവൃത്തികളുടെ നിർവഹണ നടപടികൾ ആരംഭിക്കുന്നതിനും താഴെപ്പറയുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകുന്നു.

| **ക്രമ നം** | **ജില്ല** | **ബ്ലോക്ക് പഞ്ചായത്തുകൾ (49)** |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | കിളിമാനൂർ, കഴക്കൂട്ടം, തിരുവനന്തപുരം റൂറൽ, പെരുങ്കടവിള (4) |
| 2 | കൊല്ലം | കരുനാഗപ്പള്ളി, വെട്ടിക്കവല, പത്തനാപുരം, അഞ്ചൽ, ചടയമംഗലം (5) |
| 3 | പത്തനംതിട്ട | മല്ലപ്പള്ളി, പുളിക്കീഴ്, കോയിപ്രം, പന്തളം, പറക്കോട്, കുളനട (6) |
| 4 | ആലപ്പുഴ | തൈക്കാട്ടുശ്ശേരി, പട്ടണക്കാട്, കഞ്ഞിക്കുഴി, അമ്പലപ്പുഴ, ചെങ്ങന്നൂർ, ഹരിപ്പാട്, മാവേലിക്കര, മുതുകുളം (8) |

| ക്രമ നം | ജില്ല | ബ്ലോക്ക് പഞ്ചായത്തുകൾ (49) |
|---|---|---|
| 5 | കോട്ടയം | ഈരാറ്റുപേട്ട (1) |
| 6 | തൃശൂർ | ചാവക്കാട്, ചൊവ്വന്നൂർ, വടക്കാഞ്ചേരി, പഴയന്നൂർ (4) |
| 7 | പാലക്കാട് | തൃത്താല, പട്ടാമ്പി, പാലക്കാട്, കൊല്ലങ്കോട്, ആലത്തൂർ (5) |
| 8 | മലപ്പുറം | താനൂർ (1) |
| 9 | കോഴിക്കോട് | തൂണേരി,കുന്നുമ്മൽ, തോടന്നൂർ, മേലടി, പേരാമ്പ്ര, ബാലുശ്ശേരി (6) |
| 10 | കണ്ണൂർ | പയ്യന്നൂർ, കണ്ണൂർ, തലശ്ശേരി, ഇരിട്ടി, പേരാവൂർ (5) |
| 11 | കാസർഗോഡ് | മഞ്ചേശ്വരം, കാസറഗോഡ് കാഞ്ഞങ്ങാട്, നീലേശ്വരം (4) |

**III. മുനിസിപ്പാലിറ്റികൾ:-** സർക്കാരിൽ നിന്നും ലഭിക്കാവുന്ന അധിക വിഹിതത്തിൽ അധികരിക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകി പ്രവൃത്തി കളുടെ നിർവഹണ നടപടികൾ ആരംഭിക്കുന്നതിനും താഴെപ്പറയുന്ന മുനിസിപ്പാലിറ്റി കൾക്ക് അനുമതി നൽകുന്നു.

| ക്രമ നം | ജില്ല | മുനിസിപ്പാലിറ്റികൾ (6) |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | വർക്കല, ആറ്റിങ്ങൽ (2) |
| 2 | പാലക്കാട് | പാലക്കാട് (1) |
| 3 | കോഴിക്കോട് | കൊയിലാണ്ടി (1) |
| 4 | കണ്ണൂർ | കൂത്തുപ്പറമ്പ, തലശ്ശേരി (2) |

**IV. കോർപ്പറേഷനുകൾ:–** സർക്കാരിൽ നിന്നും ലഭിക്കാവുന്ന അധിക വിഹിതത്തിൽ അധികരിക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകി പ്രവൃത്തി കളുടെ നിർവഹണ നടപടികൾ ആരംഭിക്കുന്നതിനും താഴെപ്പറയുന്ന കോർപ്പറേഷന് അനുമതി നൽകുന്നു.

| ക്രമ നം | കോർപ്പറേഷൻ (1) |
|---|---|
| (1) | (2) |
| 1 | കോഴിക്കോട് |

അനുബന്ധം – 6

**പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം**

**റോഡ് പുനരുദ്ധാരണ പദ്ധതി**

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളും സമർപ്പിക്കേണ്ട ഫോറം)

ഫോറം I: 2010–11 വാർഷിക പദ്ധതിയിൽ വിവിധ സ്രോതസുകളിൽ നിന്ന് ലഭ്യമാകുന്ന വിഹിതത്തിന് (അധികവിഹിതം ഒഴികെ) അനുസൃതമായി ഏറ്റെടുക്കാൻ കഴിയുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:............................................................................................ ജില്ല:..............................................................................

(തുക രൂപയിൽ)

| ക്രമ നമ്പർ | റോഡിന്റെ/പ്രവൃത്തിയുടെ പേര് | റോഡ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ/ഗ്രാമ പഞ്ചായത്തുകളുടെ പേര് | നീളം (കി.മീ) | അറ്റകുറ്റപ്പണി ആവശ്യമുണ്ടോ? (ഉണ്ട്/ഇല്ല) | റഫ്കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | ആകെ (ഫണ്ട് ലഭ്യമായ പ്രവൃത്തികൾ) | X | X | X | |

കുറിപ്പ് : 1. നഗരസഭകൾക്ക് കോളം 3 ബാധകമല്ല.
2. നഗരസഭകൾക്ക് വിവരങ്ങൾ തയ്യാറാക്കുവാൻ ആവശ്യമെങ്കിൽ സുലേഖ ഫോർമുലേഷൻ ആപ്ലിക്കേഷന്റെ ഭാഗമായുള്ള റോഡ് മെയിന്റനൻസ് മൊഡ്യൂൾ ഉപയോഗിക്കാവുന്നതാണ്.

സ്ഥലം:............ (ഓഫീസ് മുദ്ര) ഒപ്പ് (സെക്രട്ടറി):........................

തീയതി:............ പേര്:...............................

**പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം**
**റോഡ് പുനരുദ്ധാരണ പദ്ധതി**
(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളും സമർപ്പിക്കേണ്ട ഫോറം)

ഫോറം II: ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഏറ്റെടുക്കാൻ കഴിയാത്തതും സർക്കാരിൽ നിന്നും അധിക തുക ആവശ്യമായതുമായ റോഡ് പ്രവൃത്തികൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:................................................................................................ ജില്ല:...............................................................................

(തുക രൂപയിൽ)

| ക്രമ നമ്പർ | റോഡിന്റെ/പ്രവൃത്തിയുടെ പേര് | റോഡ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ/ഗ്രാമപഞ്ചായത്തുകളുടെ പേര് | നീളം (കി.മീ) | അറ്റകുറ്റപ്പണി ആവശ്യമുണ്ടോ? (ഉണ്ട്/ഇല്ല) | റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | ആകെ (ഫണ്ട് ലഭ്യമല്ലാത്ത പ്രവൃത്തികൾ) | X | X | X | |

കുറിപ്പ് : 1. നഗരസഭകൾക്ക് കോളം 3 ബാധകമല്ല.
2. നഗരസഭകൾക്ക് വിവരങ്ങൾ തയ്യാറാക്കുവാൻ ആവശ്യമെങ്കിൽ സുലേഖ ഫോർമുലേഷൻ ആപ്ലിക്കേഷന്റെ ഭാഗമായുള്ള റോഡ് മെയിന്റനൻസ് മൊഡ്യൂൾ ഉപയോഗിക്കാവുന്നതാണ്.

സ്ഥലം:............. (ഓഫീസ് മുദ്ര) ഒപ്പ് (സെക്രട്ടറി):.........................

തീയതി:............. പേര്:.................................